## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1114** **27-07-2021 - ൽ മറുപടിയ്ക്ക്**

## മൂന്നാർ സർക്കാർ ആർട്സ് കോളേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മൂന്നാർ സർക്കാർ ആർട്സ് കോളേജ് പുതുക്കി പണിയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | മൂന്നാർ സർക്കാർ കോളേജ് മാറ്റി സ്ഥാപിക്കുന്നതിനായി മൂന്നാർ എൻജിനിയറിംഗ് കോളേജിന്റെ ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് തീരുമാനമെടുത്തിരുന്നു. ടി സാഹചര്യത്തിൽ എൻജിനിയറിംഗ് കോളേജിന്റെ ഭൂമിയിൽ മൂന്നാർ കോളേജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി മൂന്നാർ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർവ്വഹണ ഏജൻസി ആയി KIIFB ചുമതലപ്പെടുത്തിയിട്ടുള്ള KITCO രണ്ട് പ്ലോട്ടുകളിൽ സാധ്യത പഠനം നടത്തുകയുണ്ടായി. പ്ലോട്ട് -1 എൻജിനീയറിംഗ് കോളേജ് മെയിൻ ക്യാമ്പസ് സ്ഥിതി ചെയ്യുന്നതല്ലാതെ ദൂരെ മാറി ബോയ്സ് ഹോസ്റ്റൽ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയോട് ചേർന്ന ഭാഗം. പ്ലോട്ട്-2 നിലവിൽ എൻജിനീയറിംഗ് കോളേജിന്റെ ഗ്രൗണ്ട് ഉൾപ്പെടുന്ന സ്ഥലം. പഠനം നടത്തിയ രണ്ട് പ്ലോട്ടുകളിൽ പ്ലോട്ട്-1 ആണ് കോളേജ് നിർമ്മാണത്തിന് ഉചിതമെന്നും KITCO അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ഭൂമിയിലേക്കുള്ള പ്രധാന റോഡ് ധാരാളം വീടുകൾ നിറഞ്ഞ കോളനിക്ക് ഉള്ളിലൂടെയാണ് കടന്നു പോകുന്നത്. ആയതിനാൽ കോളേജ് നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനും കുട്ടികൾക്ക് കോളേജിൽ എത്തുന്നതിനും ബുദ്ധിമുട്ട് ഉണ്ടാകാൻ ഇടയുണ്ട്. ഭാവിയിൽ നിലവിലുള്ള റോഡിന്റെ വീതി കൂട്ടി വികസിപ്പിക്കലും സാധ്യമാകില്ല. എന്നാൽ പ്ലോട്ട് ഒന്നിലേക്ക് പുതിയ റോഡ് നിർമ്മിക്കുകയാണെങ്കിൽ അത് കോളേജ് സ്ഥാപിക്കുന്നതിനും ഭാവി വികസനത്തിനും അനുയോജ്യമായിരിക്കും. ടാറ്റയുടെ ഭൂമിയിലൂടെയോ പ്രസ്തുത ഭൂമിയുടെ അതിർത്തിയിലൂടെയോ വഴി നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടറോട്ട ആവശ്യപ്പെട്ടിട്ടുണ്ട്. കോളേജ് നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമിയിലേക്ക് റോഡ് സൗകര്യം ലഭ്യമാകുകയാണെങ്കിൽ ഭൂമി ഏറ്റെടുത്ത് കോളേജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത കോളേജ് പുതുക്കി പണിയുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | മൂന്നാർ സർക്കാർ കോളേജ് മാറ്റി സ്ഥപിക്കുന്നതിനായി മൂന്നാർ എൻജിനിയറിംഗ് കോളേജിന്റെ ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് തീരുമാനമെടുത്തിരുന്നു. ടി സാഹചര്യത്തിൽ എൻജിനിയറിംഗ് കോളേജിന്റെ ഭൂമിയിൽ മൂന്നാർ കോളേജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി മൂന്നാർ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർവ്വഹണ ഏജൻസി ആയി KIIFB ചുമതലപ്പെടുത്തിയിട്ടുള്ള KITCO രണ്ട് പ്ലോട്ടുകളിൽ സാധ്യത പഠനം നടത്തുകയുണ്ടായി. പ്ലോട്ട് -1 എൻജിനീയറിംഗ് കോളേജ് മെയിൻ ക്യാമ്പസ് സ്ഥിതി ചെയ്യുന്നതല്ലാതെ ദൂരെ മാറി ബോയ്സ് ഹോസ്റ്റൽ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയോട് ചേർന്ന ഭാഗം. പ്ലോട്ട്-2 നിലവിൽ എൻജിനീയറിംഗ് കോളേജിന്റെ ഗ്രൗണ്ട് ഉൾപ്പെടുന്ന സ്ഥലം. പഠനം നടത്തിയ രണ്ട് പ്ലോട്ടുകളിൽ പ്ലോട്ട്-1 ആണ് കോളേജ് നിർമ്മാണത്തിന് ഉചിതമെന്നും KITCO അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ഭൂമിയിലേക്കുള്ള പ്രധാന റോഡ് ധാരാളം വീടുകൾ നിറഞ്ഞ കോളനിക്ക് ഉള്ളിലൂടെയാണ് കടന്നു പോകുന്നത്. ആയതിനാൽ കോളേജ് നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനും കുട്ടികൾക്ക് കോളേജിൽ എത്തുന്നതിനും ബുദ്ധിമുട്ട് ഉണ്ടാകാൻ ഇടയുണ്ട്. ഭാവിയിൽ നിലവിലുള്ള റോഡിന്റെ വീതി കൂട്ടി വികസിപ്പിക്കലും സാധ്യമാകില്ല. എന്നാൽ പ്ലോട്ട് ഒന്നിലേക്ക് പുതിയ റോഡ് നിർമ്മിക്കുകയാണെങ്കിൽ അത് കോളേജ് സ്ഥാപിക്കുന്നതിനും ഭാവി വികസനത്തിനും അനുയോജ്യമായിരിക്കും. ടാറ്റയുടെ ഭൂമിയിലൂടെയോ പ്രസ്തുത ഭൂമിയുടെ അതിർത്തിയിലൂടെയോ വഴി നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടറോട്ട ആവശ്യപ്പെട്ടിട്ടുണ്ട്. കോളേജ് നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമിയിലേക്ക് റോഡ് സൗകര്യം ലഭ്യമാകുകയാണെങ്കിൽ ഭൂമി ഏറ്റെടുത്ത് കോളേജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ